പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 86

# 2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ ബിൽ

(ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 86

# 2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ ബിൽ

(ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

83/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 86

# 2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ ബിൽ

(ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

മനുഷ്യനൾപ്പെടെയുള്ള സർവ്വ ജീവജാലങ്ങളുടെയും നിലനിൽപ്പിനാവശ്യമായ പ്രാണ/ജീവ വായുവിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനും ഭൂമിയിലെ ജീവജാലങ്ങൾക്ക് അനുകൂലമായ കാലാവസ്ഥ, താപനില എന്നിവയെ നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതും ഭൂമിയിലെ അനേകലക്ഷം ജീവജാലങ്ങൾക്ക് താമസിക്കാനിടം നൽകി ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതുമായ വനേതര പ്രദേശങ്ങളിലെ വൃക്ഷങ്ങളെ സംരക്ഷിച്ച് പരിപാലിക്കുന്നവർക്ക് പ്രോത്സാഹനവും പാരിതോഷികവും നൽകുന്നതിനും അധികാരപ്പെടുത്തുന്ന ഒരു അതോറിറ്റി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും മൂലം പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും കാര്യമായ ക്ഷതമുണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാവിയിൽ പ്രകൃതിക്കുണ്ടാകാനിടയുള്ള ദുരന്തങ്ങളെയും പാരിസ്ഥിതിക പ്രത്യാഘാതങ്ങളെയും പ്രതിരോധിക്കുന്നതിന് വേണ്ടി ഭൂമിയെ കൂടുതൽ ഹരിതാഭമാക്കുക എന്നതാണ് ഏക പ്രതിവിധി. വനവിസ്തൃതിയേക്കാൾ കൂടുതലാണ് മനുഷ്യവാസ മേഖലാ വിസ്തൃതി എന്നിരിക്കെ ഭൂമിയിലെ ഓക്സിജൻ ദാതാക്കളായ വൃക്ഷങ്ങളെ വെട്ടി നശിപ്പിക്കുന്നത് പരമാവധി കുറച്ച് വൃക്ഷങ്ങളെ സംരക്ഷിക്കുകയും വൃക്ഷങ്ങൾ സംരക്ഷിക്കുന്ന ഭൂവുടമകൾക്ക് പ്രതിഫലം നൽകുന്നതിന് വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കേണ്ടത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം ഒരു നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് “2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ ആക്റ്റ് " എന്ന് പേര് പറയാം.

(2) ഈ ആക്റ്റിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് .

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) “സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) “വൃക്ഷം" എന്നാൽ ഫലങ്ങൾ വഹിക്കുന്നതോ വഹിക്കാത്തതോ ആയ ഏതെങ്കിലും തടിയുള്ള സസ്യം എന്നർത്ഥമാകുന്നതും അതിൽ മുള ഉൾപ്പെടുന്നതുമാകുന്നു;

(സി) “വനേതരഭൂമി" എന്നതിൽ എല്ലാ സ്വകാര്യ ഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതോ കൈമാറ്റമായി കിട്ടിയിട്ടുള്ളതോ വിലയ്ക്ക് വാങ്ങിയിട്ടുള്ളതോ ആയ ഭൂമി ഉൾപ്പെടുന്നതും എന്നാൽ ഇതിൽ, കാർഡമം ഹിൽ റിസർവ് ഭൂമി, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമ പ്രകാരം റിസർവ് വനമായി പ്രഖ്യാപിച്ചിട്ടുള്ളതോ പ്രഖ്യാപിച്ചിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ ഭൂമി അല്ലെങ്കിൽ പട്ടികജാതി, പട്ടികവർഗ്ഗത്തിലുള്ളവർക്ക് നൽകിയിട്ടുള്ള മറ്റേതെങ്കിലും വനഭൂമിയോ നെൽപ്പാടങ്ങൾ എന്നിവ ഉൾപ്പെടാത്തതുമാകുന്നു;

(ഡി) “നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്ന് അർത്ഥമാകുന്നു;

(ഇ) “അതോറിറ്റി"എന്നാൽ ഈ ആക്ടിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള വനേതര മേഖലയിലെ വൃക്ഷ സംരക്ഷണ അതോറിറ്റി എന്നർത്ഥമാകുന്നു;

(എഫ്) “തദ്ദേശാധികാര സ്ഥാപനങ്ങൾ " എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(ജി) “ ജില്ലാ പഞ്ചായത്ത്" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(എച്ച്) “ബ്ലോക്ക് പഞ്ചായത്ത് " എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് എന്നർത്ഥമാകുന്നു.

(ഐ) “മുനിസിപ്പാലിറ്റി " എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ടൗൺ/മുനിസിപ്പൽ കൗൺസിൽ/ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(ജെ) “ ഗ്രാമ പഞ്ചായത്ത് " എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(കെ) “ കളക്ടർ " എന്നാൽ ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു;

(എൽ) “ ജില്ലാതല അതോറിറ്റി " ഈ ആക്റ്റിലെ 5-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാതല അതോറിറ്റി എന്നർത്ഥമാകുന്നു;

(എം) “ പ്രാദേശികതല അതോറിറ്റി " എന്നാൽ ഈ ആക്ടിലെ 7-ാം വകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്ത് ,മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ രൂപീകരിച്ച അതോറിറ്റി എന്നർത്ഥമാകുന്നു;

(എൻ) “ വകുപ്പ് " എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(ഒ) “ വിജ്ഞാപനം " എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(പി) “ ഫണ്ട് " എന്നാൽ അതത് തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക ബജറ്റിൽ ഉൾപ്പെട്ടുവരുന്ന തുകയും സംസ്ഥാന സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും ലഭിക്കുന്ന തുകയും എന്നർത്ഥമാകുന്നു.

3. <u>സംസ്ഥാന വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ അതോറിറ്റി രൂപീകരണവും ഘടനയും</u>.—(1) ഈ ആക്റ്റ് നിലവിൽ വന്നതിന് ശേഷം എത്രയും വേഗം നിയമം നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള സംസ്ഥാന വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ അതോറിറ്റിയിൽ മുഖ്യമന്ത്രി അദ്ധ്യക്ഷനും താഴെപ്പറയുന്നവർ അംഗങ്ങളുമായിരിക്കേണ്ടതുമാണ് :

(എ) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി;

(ബി) വനം, കൃഷി എന്നീ വകുപ്പുമന്ത്രിമാർ ;

(സി) നഗരകാര്യ വകുപ്പിന്റെയും പഞ്ചായത്ത് വകുപ്പിന്റെയും ഡയറക്ടർമാർ;

(ഡി) വനം വകുപ്പിലെ സാമൂഹ്യവനവത്കരണത്തിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ;

(ഇ) സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് ഡയറക്ടർ;

(എഫ്) നഗരകാര്യ, നിയമ വകുപ്പുകളിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഓരോ ഉദ്യോഗസ്ഥർ;

(ജി) കൃഷി വകുപ്പ് ഡയറക്ടർ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി പ്രവർത്തകർ.

4. <u>സംസ്ഥാനതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനതല അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്:

1.ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും അതോറിറ്റികളുടെ രൂപീകരണവും അവയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും;

2.ഈ ആക്റ്റിൻെറ അടിസ്ഥാനത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക;

3.വനേതര പ്രദേശങ്ങളിലെ വൃക്ഷങ്ങളുടെ വർഗ്ഗീകരണവും ആയതിന്റെ അടിസ്ഥാനത്തിലുള്ള ധനസഹായത്തിന്റെ നിരക്ക് നിശ്ചയിക്കലും;

4.അതത് പ്രദേശങ്ങളിൽ സംരക്ഷിക്കപ്പെടേണ്ട വൃക്ഷങ്ങളുടെ പട്ടിക തയ്യാറാക്കലും വൃക്ഷങ്ങളുടെ തൈകളും വിത്തുകളും ശേഖരിക്കുന്നതിനുള്ള നിർദ്ദേശം താഴെത്തട്ടിലുള്ള അതോറിറ്റിക്ക് നൽകലും;

5.സംസ്ഥാനതല അതോറിറ്റിയും ജില്ലാതല അതോറിറ്റിയും അതത് ചെയർമാന്മാർ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതും ഈ ആക്റ്റ് പ്രകാരം അതിൻകീഴിലുണ്ടാക്കിയ പദ്ധതിയും ചട്ടങ്ങളും പ്രകാരവും ഏൽപ്പിച്ചു കൊടുക്കാവുന്ന അത്തരം അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

5. <u>ജില്ലാതല അതോറിറ്റിയുടെ രൂപീകരണവും ഘടനയും</u>.—(1) സർക്കാർ വിജ്ഞാപനംവഴി ഈ ആക്റ്റ് നിലവിൽവന്നതിന് ശേഷം എത്രയുംവേഗം സംസ്ഥാനത്തെ ഓരോ ജില്ലക്കുവേണ്ടിയും നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഓരോ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഓരോ ജില്ലാതല അതോറിറ്റിയിലും താഴെപ്പറയുന്ന പ്രകാരത്തിലുള്ള അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :

(എ) ജില്ലാ കളക്ടർ;

(ബി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ;

(സി) ജില്ലയിൽ നിന്നുള്ള നിയമസഭാ സമാജികർ;

(ഡി) സാമൂഹ്യ വനവത്കരണത്തിന്റെ ചുമതലയുള്ള അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ;

(ഇ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ;

(എഫ്) ജില്ലാ പ്ലാനിംഗ് ഓഫീസർ;

(ജി) ജില്ലയുടെ പരിധിയിൽ വരുന്ന എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ, മുനിസിപ്പാലിറ്റി ചെയർമാന്മാർ/ചെയർപേഴ്സൺ;

(എച്ച്) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയുടെ പരിധിയിൽ വരുന്ന രണ്ട് പരിസ്ഥിതി പ്രവർത്തകർ.

(3) ജില്ലാ കളക്ടർ ജില്ലാതല അതോറിറ്റിയുടെ ചെയർമാനും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സാമൂഹ്യ വനവൽക്കരണം) കൺവീനർമാരായിരിക്കുന്നതുമാണ്.

6. ജില്ലാതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—ഈ ആക്ടിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി ജില്ലാതല അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്:

(എ) ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലും അധീനതയിലുമുള്ള പൊതു സ്ഥാപനങ്ങളുടെ സ്ഥലങ്ങളിലും മറ്റ് പൊതുഭൂമിയിലും വൃക്ഷങ്ങൾ നട്ട് സംരക്ഷിക്കുക;

(ബി) പൊതുസ്ഥലങ്ങളിലെ നിലവിലുള്ള വൃക്ഷങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക;

(സി) അപകടഭീഷണി ഉയർത്തുന്ന വൃക്ഷങ്ങളും വൃക്ഷശിഖരങ്ങളും നീക്കം ചെയ്യുന്നത് സംബന്ധിച്ച തീരുമാനം എടുക്കുക;

(ഡി) പഞ്ചായത്ത്/മുനിസിപ്പൽ അതോറിറ്റികൾ ഈ ആക്ടിൻെറ ലക്ഷ്യവും അധികാരവും കർത്തവ്യങ്ങളും നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക;

(ഇ) കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക;

(എഫ്) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക;

(ജി) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള മറ്റേതെങ്കിലും സംഗതിയെ കുറിച്ച് ഉപദേശം നൽകുക.

7. പഞ്ചായത്ത്/മുനിസിപ്പൽതല അതോറിറ്റിയുടെ രൂപീകരണം.—(1) സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളുടെയും അധികാര പരിധിയിൽ വരുന്ന സർക്കാർ, സ്വകാര്യ ഭൂമികളിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും സ്വകാര്യ ഭൂമികളിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിന് പ്രോത്സാഹനമെന്ന നിലയിൽ പ്രതിഫലം നൽകുന്നതിനും വേണ്ടി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന അതോറിറ്റികൾ രൂപീകരിക്കേണ്ടതാണ് :

(എ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/ ചെയർപേഴ്സൺ/മുനിസിപ്പൽ കോർപ്പറേഷൻ മേയർ;

(ബി) പ്രസ്തുത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് /മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി;

(സി) പ്രസ്തുത പ്രദേശത്തെ വില്ലേജ് ഓഫീസർമാർ;

(ഡി) പ്രസ്തുത പ്രദേശത്തെ കൃഷി ഓഫീസർമാർ;

(ഇ) അതത് ജില്ലയിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സാമൂഹ്യ വനവത്കരണം) നിർദ്ദേശിക്കുന്ന ഒരു വനം വകുപ്പുദ്യോഗസ്ഥൻ;

(എഫ്) പ്രദേശത്തെ തദ്ദേശസ്വയംഭരണ അധികാര സ്ഥാപനത്തിലെ ഭരണ സമിതി നിശ്ചയിക്കുന്ന 2 പരിസ്ഥിതി പ്രവർത്തകർ;

(ജി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങളിൽനിന്നും ഭരണ സമിതി നിർദ്ദേശിക്കുന്ന 2 അംഗങ്ങൾ.

(2) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ്/ചെയർപേഴ്സൺ/ ചെയർമാൻ/മേയർ അതത് സംഗതിപോലെ സമിതിയുടെ ചെയർമാനായിരിക്കേണ്ടതും പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി അതത് സംഗതിപോലെ കൺവീനറായിരിക്കേണ്ടതുമാണ്.

(3) ചെയർമാൻമാർ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും അതോറിറ്റിയുടെ യോഗം ചേരേണ്ടതും ഈ ആക്റ്റ് പ്രകാരം ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

8. <u>പഞ്ചായത്ത്/മുനിസിപ്പൽതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—(1) പ്രദേശത്തെ വനേതര മേഖലയിലെ വൃക്ഷങ്ങളുടെ വർഗ്ഗീകരണവും കണക്കെടുപ്പും, സ്വകാര്യ വ്യക്തികളുടെ പറമ്പിലെ വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിന് വൃക്ഷ ഉടമകൾക്ക് പ്രതിഫലം വിതരണം ചെയ്യൽ, പൊതുസ്ഥലങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട മേൽനോട്ടവും നിയന്ത്രണവും വഹിക്കേണ്ടതും ജില്ലാതല അതോറിറ്റിക്ക് താഴെപ്പറയുന്ന കാര്യങ്ങളിൽ ശിപാർശ നൽകേണ്ടതുമാണ്:

(എ) പൊതുസ്ഥലങ്ങളിലും സ്വകാര്യ ഭൂമിയിലുമുള്ള എല്ലാതരം വൃക്ഷങ്ങളുടെയും ഇനം തിരിച്ചുള്ള കണക്ക് വസ്തു ഉടമകളുടെ പേരും വിലാസവും ഉൾപ്പെടെ വാർഡ് തലത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും മൂന്ന് വർഷം കൂടുമ്പോൾ വസ്തുതാ പരിശോധന നടത്തി രജിസ്റ്റർ പരിഷ്കരിക്കേണ്ടതുമാണ്;

(ബി) സ്വകാര്യ ഭൂമിയിലോ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയിലോ ഉള്ള അപൂർവ്വ ഇനത്തിൽപ്പെട്ടതും വംശനാശ ഭീഷണി നേരിടുന്നതുമായ വൃക്ഷ ഇനങ്ങളെയും നിശ്ചിത വർഷത്തിലധികം പഴക്കമുള്ള വൃക്ഷങ്ങളെയും പ്രത്യേകമായി സംരക്ഷിക്കുക;

(സി) സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥലജലലഭ്യതയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് യഥാവിധി നിർദ്ദേശം നൽകുക;

(ഡി) സ്വകാര്യ ഭൂമികളിൽ നിർമ്മാണപ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തും പൊതു-സ്വകാര്യ വഴികളുമായും ബന്ധപ്പെട്ട് തടസ്സമായി നിൽക്കുന്നവ ഒഴികെയുള്ള വൃക്ഷങ്ങൾ മുറിച്ച് നീക്കംചെയ്യുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷകൾ സ്വീകരിച്ച് യുക്തമായ തീരുമാനമെടുക്കുക;

(ഇ) തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുക;

(എഫ്) ഫോറസ്ട്രി ക്ലബ്ബുകൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ മേൽനോട്ടവും നിർദ്ദേശവും നൽകുക;

(ജി) ജില്ലാതല അതോറിറ്റിയും സംസ്ഥാനതല അതോറിറ്റിയും കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുക;

(എച്ച്) ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി മറ്റേതെങ്കിലും കാര്യങ്ങളിൽ ഉപദേശം നൽകുക.

9. <u>വനേതരമേഖലയിലെ വൃക്ഷങ്ങളുടെ സംരക്ഷണവും നാട്ടുവൃക്ഷങ്ങൾ സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകലും.</u>—(1) വനേതരമേഖലയിലെ വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്യുന്നതോടൊപ്പം വൃക്ഷങ്ങൾ ഉൾക്കൊള്ളുന്ന ഭൂമിയുടെ ഉടമകൾക്ക് സഹായം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ ഏർപ്പെടുത്തേണ്ടതാണ്;

(2) സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിൽക്കുന്ന വൃക്ഷങ്ങളുടെ നിലനിൽപ്പിന് ദോഷകരമായി ബാധിക്കുന്ന നിലയിലുള്ള ഏതൊരു പ്രവൃത്തിയും നിയന്ത്രിക്കുക;

(3) പൊതുജനങ്ങൾക്കും പൊതുസ്ഥാപനങ്ങൾക്കും അപകടഭീഷണി ഉയർത്തുന്നതരത്തിലുള്ള പൊതുസ്ഥലങ്ങളിലെ വൃക്ഷങ്ങളോ വൃക്ഷശിഖരങ്ങളോ നീക്കംചെയ്യുന്നതിനാവശ്യമായ തീരുമാനങ്ങൾ എടുക്കുക;

(4) തത്സമയം പ്രാബല്യത്തിലുള്ള ഒരു നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നാട്ടുവൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കാവുന്നതും ക്രിമിനൽ നടപടിക്രമത്തിലെ വ്യവസ്ഥകൾ ബാധകമാക്കാവുന്നതുമാണ്;

(5) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ വരുന്ന ക്ഷേത്രക്കാവുകൾ, സർപ്പക്കാവുകൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ വാർഡ്തലത്തിൽ ശേഖരിച്ച് സൂക്ഷിയ്ക്കുകയും ഓരോ മൂന്ന് വർഷവും കൂടുമ്പോൾ വസ്തുതാ പരിശോധനകൾ നടത്തി പരിഷ്കരിയ്ക്കുകയും ചെയ്യുക;

(6) ഓരോ സ്ഥലത്തിന്റെയും സ്ഥലജലവിഭവ സാദ്ധ്യതകൾ പരിഗണിച്ച് വൃക്ഷസംരക്ഷകർക്ക് സഹായം നിശ്ചയിയ്ക്കുകയും അത് വിതരണം ചെയ്യുകയും ചെയ്യുക;

(7) അതത് തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ വരുന്ന പ്രദേശത്തെ പൊതുസ്ഥലങ്ങളിലും സ്വകാര്യ ഭൂമിയിലും നട്ടുവളർത്താവുന്ന വൃക്ഷ ഇനങ്ങൾ നിശ്ചയിച്ച് അവയുടെ വിത്തുകളും തൈകളും വിതരണം ചെയ്യുക;

(8) നാട്ടുവൃക്ഷങ്ങളുടെ സംരക്ഷണത്തിനായി ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക ബഡ്ജറ്റിൽ നിശ്ചിത തുക പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നീക്കിവയ്ക്കേണ്ടതാണ്;

(9) നാട്ടുവൃക്ഷങ്ങളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്കുവേണ്ടി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒരു ഫണ്ട് രൂപീകരിയ്ക്കേണ്ടതും പ്രസ്തുത ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതുമാണ്;

(10) ഈ ഫണ്ടിലേയ്ക്ക് മാറ്റം ചെയ്യപ്പെടേണ്ട തുകയും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വരൂപിച്ച ഏതൊരു തുകയും ഈ ആക്റ്റിന്റെ കീഴിൽ ഉണ്ടാക്കിയ ഫണ്ടിലേയ്ക്ക് മാറ്റം ചെയ്യപ്പെട്ടതും നിക്ഷിപ്തമാക്കപ്പെട്ടതും ഫണ്ടിന്റെ ഭാഗമായി മാറുന്നതുമാണ്.

10. ഒഴിവ്, ന്യൂനത എന്നീ കാരണങ്ങളാൽ അതത് വിദഗ്ധസമിതിയുടെയോ അതത് കമ്മിറ്റിയുടെയോ പ്രവൃത്തികൾ അസാധുവാക്കാവുന്നതല്ല.—(1) ജില്ലാതല അതോറിറ്റിയോ, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻതല അതോറിറ്റികളോ ചെയ്ത ഏതൊരു പ്രവൃത്തിയോ എടുത്ത ഏതൊരു നടപടിയോ.

(2) മേൽപ്പറഞ്ഞ കമ്മിറ്റികളിലെ ഏതെങ്കിലും ഒഴിവിന്റെയോ അതിന്റെ രൂപീകരണത്തിലെ എതെങ്കിലും ന്യൂനതയോ.

വിഷയത്തിന്റെ മൂല്യത്തെ ബാധിയ്ക്കാത്ത മേൽപ്പറഞ്ഞ കമ്മിറ്റികളുടെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയുടെ അടിസ്ഥാനത്തിൽ അസാധുവാകുന്നതല്ല.

11. ഒഴിവുകൾ.—(1) അതത് സംഗതി പോലെ ജില്ലാതല അതോറിറ്റിയിലോ ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ/മുനിസിപ്പൽ കോർപ്പറേഷൻതല അതോറിറ്റിയിലുണ്ടാകുന്ന ഏതൊരൊഴിവും കഴിയുന്നതും വേഗം നാമനിർദ്ദേശമായി അതത് സംഗതി പോലെ ജില്ലാ കളക്ടറോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികാര സമിതിയോ നികത്തേണ്ടതാണ്.

(2) ആകസ്മിക ഒഴിവ് നികത്താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ അയാൾ, ഏതംഗത്തിന്റെ സ്ഥാനത്തേയ്ക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന് തുടരാൻ കഴിയുന്ന കാലാവധി വരെ തുടരാവുന്നതാണ്.

12. ആക്ടിന്റെ ലംഘനവും ശിക്ഷയും.—(1) ഈ ആക്ടോ അതിൻപ്രകാരമുള്ള ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനെയും കുറ്റസ്ഥാപനത്തിൻമേൽ മൂന്ന് വർഷംവരെ ആകാവുന്ന തടവുശിക്ഷയോ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ, ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും 1,000 രൂപ വരെയാകാവുന്ന അധികമായ പിഴ ശിക്ഷയും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

(2) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഏതൊരാളും അത്തരം കുറ്റത്തിന് ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമാക്കിയിട്ടുള്ള ഏതെങ്കിലും പ്രവൃത്തിക്കോ വീഴ്ചയ്ക്കോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ആളിനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഈ ആക്റ്റിലെ യാതൊന്നും തടസ്സമാകുന്നില്ല.

(4) പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പാലിക്കാതെ ജൈവ ഭൗതിക പരിസ്ഥിതിയുടെ നാശത്തിനോ ദോഷകരമായോ പ്രവർത്തിച്ചാൽ യന്ത്രമോ വാഹനമോ മറ്റായുധങ്ങളോ പോലീസിനോ റവന്യൂ ഉദ്യോഗസ്ഥർക്കോ കണ്ടുകെട്ടലിന് വിധേയമാക്കാവുന്നതാണ്.

(5) ഈ വകുപ്പിലെ ആവശ്യത്തിനായി വാഹനം എന്നതിൽ നാടൻ വള്ളങ്ങൾ, ചങ്ങാടങ്ങൾ, ബോട്ടുകൾ തുടങ്ങിയവ ഉൾപ്പെടുന്നതാകുന്നു.

(6) ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഒരാളുടെയോ ജില്ലാ കളക്ടറുടെയോ, ചെയർമാൻ/കൺവീനർ എന്നിവരുടെ പരാതിയിൻമേൽ ഈ കാര്യത്തിൽ ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടത്തക്കതായ ഏതൊരു കുറ്റവും കോടതിക്ക് വിചാരണയ്ക്ക് എടുക്കാവുന്നതാണ്.

13. നിയമഭേദഗതിയും ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യൽ.—(1) പ്രസ്തുത ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം എത്രയും വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ 14 ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ ഏതെങ്കിലും മാറ്റം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അതിനെ മാറ്റം വരുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടാവുന്നതോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു.

14. പരിശോധനയ്ക്ക് സർക്കാരിനുള്ള അധികാരം.— ഈ ആക്റ്റിൻകീഴിലോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് കീഴിലോ ഒരു ജില്ലാ/ ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ വിദഗ്ധസമിതിയോ എടുക്കുന്ന ഏതൊരു തീരുമാനം സംബന്ധിച്ചും റിപ്പോർട്ട് വാങ്ങുന്നതിനും ഫയൽ പരിശോധിക്കുന്നതിനും അതിൻമേൽ ജില്ലാ വിദഗ്ധസമിതി ചെയർമാനുമേൽ നടപടി സ്വീകരിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

15. മറ്റു നിയമങ്ങളിൻമേലുള്ള അതിപ്രഭാവം.—ഈ ആക്റ്റിലെയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും

പ്രാബല്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ, സർക്കാരിന് പ്രസ്തുത ആക്റ്റ് നടപ്പിലാക്കുന്നതിനുള്ള ഉറപ്പ് വരുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന സമ്പ്രദായത്തിലും രീതിയിലും കാലാനുസൃതമായ മാറ്റം വ്യവസ്ഥ ചെയ്യാവുന്നതാണ്.

16. <u>അപ്പീൽ.</u>—(1)ഈ ആക്റ്റിൻകീഴിലോ അതിൻകീഴിലുണ്ടാക്കിയ ചട്ടപ്രകാരമോ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻകമ്മിറ്റിയോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിൻമേലോ എടുത്ത തീരുമാനത്തിൻമേലോ ആക്ഷേപമുള്ള ഏതൊരാൾക്കും പ്രസ്തുത തീരുമാനമോ ഉത്തരവോ പുറപ്പെടുവിച്ച് 15 ദിവസത്തിനകം ജില്ലാ വിദഗ്ധസമിതിയുടെ ചെയർമാന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം കിട്ടിയ ഏതൊരപ്പീലും അപ്പീൽ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതും അപ്പീൽ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

17. <u>ആക്ടിലെ വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.</u>—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനാൽ എതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന് ഉത്തരവുമൂലം ആ വൈഷമ്യം നീക്കുന്നതിന് ആവശ്യമെന്ന് അവർക്ക് തോന്നുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത യാതൊരുകാര്യവും ചെയ്യാവുന്നതാണ്. എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതുമുതൽ രണ്ട് വർഷത്തിനുശേഷം യാതൊരു ഉത്തരവും ഈ വകുപ്പിന് കീഴിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരമുള്ള ഏതൊര് ഉത്തരവും അതുണ്ടാക്കിയതിന് ശേഷം ഏറ്റവും അടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ വയ്ക്കേണ്ടതാണ്.

## ഉദ്ദേശ്യ കാരണങ്ങളുടെ വിവരണം

അനുദിനം പ്രകൃതിക്കുണ്ടാകുന്ന മാറ്റങ്ങൾ മനുഷ്യന്റെയും ജീവജാലങ്ങളുടെയും അതിജീവനത്തിന് വലിയ ഭീഷണിയായി മാറുകയാണ്. ഭൂമിയിലെ താപനില അനുദിനം വർദ്ധിച്ചുകൊണ്ടിക്കുന്നു. അന്തരീക്ഷവായുവിലെ ഓക്സിജന്റെ അളവ് കുറഞ്ഞുകൊണ്ടിരിക്കുന്നു. ഭൂമി നേരിടുന്ന ഈ വെല്ലുവിളികൾക്കുള്ള പരിഹാരമാർഗ്ഗങ്ങളിൽ ഏറ്റവും പ്രധാനം വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് ഭൂമിക്ക് മേലെ വൃക്ഷങ്ങളുടെ ഹരിത വിതാനം സൃഷ്ടിക്കുക എന്നതുമാത്രമാണ്. അന്തരീക്ഷത്തിലെ പ്രാണവായുവിന്റെ ഗുണനിലവാരം നിലനിർത്തി ആരോഗ്യപൂർണ്ണമായ ജീവിതം മനുഷ്യർക്കും ജീവജാലങ്ങൾക്കും ഉറപ്പാക്കുന്നതിനുവേണ്ട ഓരോ പൗരന്റെയും ഉത്തരവാദിത്വവും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനും പ്രാദേശിക ഭരണകൂടങ്ങളുടെ സഹകരണത്തോടെ പ്രകൃതിയെ രക്ഷിക്കുന്നതിനാവശ്യമായ ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകതയിലേക്ക് എത്തിച്ചേരാൻ ഇടയായിരിക്കുന്നു.

പ്രകൃതിയുടെ സന്തുലിതവും പരസ്പരപൂരകവുമായ നിലനില്പിന് വനങ്ങളുടെ പ്രാധാന്യം പോലെ തന്നെ നാട്ടുവൃക്ഷങ്ങളുടെ നിലനില്പും വർദ്ധനവും അനിവാര്യമാണെന്ന് കണ്ട് നാട്ടുവൃക്ഷങ്ങളെ പരിപാലിക്കുന്നവർക്ക് പ്രതിഫലം നൽകുന്നതുൾപ്പെടെയുള്ള ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബില്ല്.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾപ്രകാരം അതോറിറ്റി നിലവിൽ വരുകയും പ്രവർത്തിച്ചു തുടങ്ങുകയും ചെയ്യുമ്പോൾ മാത്രമേ വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും  പ്രാരംഭ ചെലവുകൾക്ക് 50 ലക്ഷം രൂപ സഞ്ചിത നിധിയിൽനിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

സർക്കാറിന് ഗസറ്റ് വിജ്ഞാപനംവഴി ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ നിയമം അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുവാനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഇ. കെ. വിജയൻ, എം. എൽ. എ.